# സ്വമാനത്തിന്റെ സ്മൃതിയുടെ സ്വിച്ച് ഓൺ ചെയ്യുന്നതിലൂടെ ദേഹബോധത്തിന്റെ അന്ധകാരത്തിന്റെ സമാപ്തി

ഇന്ന് അകാലമൂർത്തിയായ ബാബ എല്ലാ അകാല സിംഹാസനധാരി, വിശ്വമംഗളത്തിന്റെ കിരീടധാരി, മസ്തകത്തിൽ തിളങ്ങുന്ന ബിന്ദുവിന്റെ തിലകധാരി കുട്ടികളെ കാണുകയാണ്. ഓരോരുത്തരും സിംഹാസനധാരിയുമാണ്, കിരീടധാരിയുമാണ്, തിലകവും എല്ലാവരുടേതും തിളങ്ങിക്കൊണ്ടിരിക്കുന്നു. എല്ലാവരുടെ മസ്തകത്തിനു നടുവിലും ആത്മാബിന്ദു നക്ഷത്രം പോലെ കാണപ്പെടുന്നു. താങ്കളുമേവരും സ്വന്തം സിംഹാസനവും കിരീടവും തിലകവും കാണുകയാണ്. മുഴുവൻ സഭയും ബാപ്ദാദയ്ക്ക് കിരീടവും തിലകവും ധരിച്ച സിംഹാസനസ്ഥരായി കാണപ്പെടുകയാണ്. ഈ അലൗകികസഭ കലിയുഗീ രാജ്യസഭയിൽ നിന്നും സത്യയുഗീരാജ്യസഭയിൽ നിന്നും എത്ര വേറിട്ടതും പ്രിയപ്പെട്ടതുമാണ്! അപ്പോൾ ഇങ്ങനെയുള്ള സഭയുടെ അധികാരിയായ ആത്മാക്കൾ എത്ര പ്രിയപ്പെട്ടവരാണ്! താങ്കളേവർക്കും സ്വന്തം ഈ സിംഹാസന, കിരീട, തിലകധാരീസ്വരൂപം പ്രിയമായി തോന്നുന്നില്ലേ! അകാലസിംഹാസനധാരി, അകാലമൂർത്തി, ശ്രേഷ്ഠ ആത്മസ്ഥിതിയിൽ സ്ഥിതി ചെയ്ത് സിംഹാസനത്തിലിരിക്കുന്നുവെങ്കിൽ ഈ സ്ഥിതി എത്ര ശ്രേഷ്ഠമാണ്! എല്ലാവരുടെയും ശ്രേഷ്ഠസ്ഥിതിയുടെ തിളക്കം ഈ മുഖത്തെ മാലാഖയാക്കുന്നു. സാധാരണ മുഖമല്ല, മാലാഖാമുഖം. അപ്പോൾ മാലാഖാമുഖവും എത്ര പ്രിയപ്പെട്ടതാണ്! മാലാഖമാർ എല്ലാവർക്കും വളരെ പ്രിയമായി തോന്നുന്നു എന്തെന്നാൽ മാലാഖ എല്ലാവരുടേതുമാണ്, ഒന്നോ രണ്ടോ പേരുടേതല്ല. പരിധിയില്ലാത്ത ദൃഷ്ടി, പരിധിയില്ലാത്ത മനോവൃത്തി, പരിധിയില്ലാത്ത സ്ഥിതിയുള്ളവരാണ്. മാലാഖ സർവാത്മാക്കൾക്കും പരമാത്മാസന്ദേശവാഹകരാണ്. മാലാഖ എന്നാൽ സദാ പറക്കുന്ന കലയിലുള്ളവർ. മാലാഖ എന്നാൽ സർവരുടെയും ബന്ധം ഒരു ബാബയുമായി യോജിപ്പിക്കുന്നവർ. മാലാഖ എന്നാൽ ഡബിൾലൈറ്റ്. ദേഹത്തിൽ നിന്നും ദേഹത്തിന്റെ സംബന്ധത്തിൽ നിന്നും വേറിട്ടവർ, ഭാരരഹിതം. മാലാഖ എന്നാൽ സർവരെയും സ്വയത്തിന്റെ ചലനത്തിലൂടെയും മുഖത്തിലൂടെയും ബാപ്സമാനമാക്കുന്നവർ. മാലാഖ എന്നാൽ സഹജമായും സ്വതവേയും അനാദി, ആദി സംസ്കാരം സദാ പ്രത്യക്ഷ രൂപത്തിൽ കാണിക്കുന്നവർ. മാലാഖ എന്നാൽ നിമിത്തഭാവവും വിനയ സ്വഭാവവും സർവരെ പ്രതിയും മംഗളത്തിന്റെ ശ്രേഷ്ഠഭാവനയുമുള്ളവർ. ഇങ്ങനെയുള്ള മാലാഖമാരല്ലേ? ലഹരിയോടെ പറയൂ ഞങ്ങൾ ആയില്ലെങ്കിൽ മറ്റാര് ആകും!! ലഹരിയില്ലേ!! അപ്പോൾ ബാപ്ദാദ ഇങ്ങനെയുള്ള മാലാഖമാരുടെ ദർബാർ കാണുകയാണ്. വെറും ഈ സ്വമാനത്തിൽ തന്നെ ഇരിക്കുന്നതിലൂടെ ദേഹബോധം സ്വതവേ സമാപ്തമായിക്കോളും.

ബാബ കാണുന്നുണ്ട് കുട്ടികൾ ദേഹബോധം കളയാൻ വളരെ പരിശ്രമിക്കുന്നുണ്ട്. ഒരു ദേഹബോധത്തിന്റെ രൂപത്തെ കളയുമ്പോൾ മറ്റൊന്ന് വരുന്നു, പിന്നെ രണ്ടാമത്തേതിനെ കളയുമ്പോൾ മൂന്നാമത്തേത് വരുന്നു. എന്നാൽ ഉപേക്ഷിക്കുക സദാ ബുദ്ധിമുട്ടാകുന്നു ധരിക്കുവാൻ എളുപ്പവും. അപ്പോൾ ബാപ്ദാദ പറയുന്നു സ്വമാനത്തിൽ സദാ കഴിയൂ. എവിടെ സ്വമാനമുണ്ടോ അവിടെ ദേഹബോധത്തിന് വരാനേ കഴിയില്ല. അതിനാൽ ഉപേക്ഷിക്കാൻ പരിശ്രമം ചെയ്യണ്ട പക്ഷേ സ്വമാനത്തിൽ സ്ഥിതി ചെയ്യുന്നതിന്റെ ശ്രദ്ധ വെക്കൂ. സംഗമയുഗത്തിൽ ബാബയിലൂടെ എത്ര നല്ല- നല്ല സ്വമാനങ്ങൾ പ്രാപ്തമാണ്. പ്രാപ്തമാക്കേണ്ടതില്ല, പ്രാപ്തമാണ്. സ്വന്തം സ്വമാനങ്ങളുടെ ലിസ്റ്റ് ഇറക്കൂ. എത്ര വലിയ ലിസ്റ്റ് ആണ്! മുഴുവൻ കല്പത്തിൽ എത്ര തന്നെ സ്വമാനം അതായത് ടൈറ്റിലുകൾ ഏത് പേരുകേട്ട ആത്മാക്കൾക്കുണ്ടായാലും, രാജനേതാക്കളാകട്ടെ, അഭിനേതാക്കളാകട്ടെ, ധർമാത്മാവാകട്ടെ, മഹാത്മാവാകട്ടെ, അവരുടെ ടൈറ്റിലുകൾ എണ്ണി നോക്കിയാലും താങ്കളുടെ സ്വമാനത്തിന്റെ ലിസ്റ്റിലും കൂടുമോ? എന്നും അതിരാവിലെ ബാപ്ദാദ സ്വമാനത്തിന്റെ സ്മൃതി നൽകുന്നു, സ്വമാനത്തിൽ സ്ഥിതി ചെയ്യിക്കുന്നു. എന്നും ഒരു പുതിയ പുതിയ സ്വമാനം സ്മൃതിയിൽ വെക്കൂ അപ്പോൾ സ്വമാനത്തിനു മുന്നിൽ ദേഹബോധം ഇങ്ങനെ ഓടിപ്പോകും വെളിച്ചത്തിനു മുന്നിൽ ഇരുട്ട് ഓടിയകലുന്ന പോലെ. സമയവുമെടുക്കില്ല, പരിശ്രമവുമെടുക്കില്ല. അപ്പോൾ പല തവണ ഭിന്ന ഭിന്ന ദേഹബോധത്തെ അകറ്റുന്നതിന് എന്തിന് പരിശ്രമിക്കണം? സ്വമാനത്തിന്റെ സ്മൃതിയുടെ സ്വിച്ച് ഓൺ ചെയ്യുവാനറിയില്ലേ? സൂര്യപ്രകാശത്തെ മറയ്ക്കുന്നത് എത്ര തന്നെ കറുത്തിരുണ്ട മേഘമാകട്ടെ എന്നാൽ താങ്കളുടെ പക്കൽ ഓട്ടോമാറ്റിക് ഡയറക്റ്റ് പരമാത്മാപ്രകാശത്തിന്റെ കണക്ഷനുണ്ട്. ഡയറക്റ്റ് ലൈനല്ലേ. ലൈൻ ക്ലിയറാണോ ലീക്കേജ് ഉണ്ടോ? ചിലർക്ക് ലിങ്ക് ഉണ്ട് പക്ഷേ ലീക്കേജ് ഉണ്ടാകുന്നു. ഡയറക്റ്റ് ലൈൻ എത്ര ശക്തിശാലിയാകുന്നു! ഡയറക്റ്റ് കണക്ഷനോ ഇൻഡയറക്റ്റ് ആണോ? എല്ലാവരുടേതും ഡയറക്റ്റ് ലൈൻ അല്ലേ? എല്ലാവർക്കും ഡയറക്റ്റ് ലൈൻ ലഭിച്ചോ? പിന്നെയിപ്പോൾ ഒരു മേഘമല്ല, മുഴുവൻ മേഘങ്ങളും വന്നോട്ടെ അന്ധകാരമാക്കാൻ കഴിയുമോ? സ്മൃതിയുടെ സ്വിച്ച് ഡയറക്റ്റ് ലൈനിൽ നിന്ന് ഓൺ ചെയ്യുന്നതും ഇത്രയും പ്രകാശം വരും- സ്വയം പ്രകാ

ശത്തിൽ തന്നെയാകും എന്നാൽ മറ്റുള്ളവർക്കായും പ്രകാശസ്തംഭമാകും. ഇങ്ങനെയല്ലേ? അനുഭവിയല്ലേ? എന്നാൽ ഇടയ്ക്കിടെ അനുഭവത്തെ മാറ്റിവെക്കുന്നു. ആശ്രയം ലഭിച്ചു എന്നാൽ ഇടയ്ക്കിടെ ആശ്രയത്തിനു പകരം മാറിപ്പോകുന്നവരാകുന്നു. പ്രയത്നം അനുഭവിക്കുന്നുണ്ടോ? സദാ ഇല്ല ഇടയ്ക്കിടെ ഉണ്ട്! സ്വിച്ച് ഓൺ ചെയ്യാൻ മറക്കുന്നുവോ? വാസ്തവത്തിൽ ഒരു മാസ്റ്റർ സർവശക്തിവാന്റെ സ്വമാനമെങ്കിലും ഓർമയുണ്ടെങ്കിൽ പ്രയത്നത്തിന്റെ ഒരു കാര്യമേയില്ല. വഴി പരിശ്രമത്തിന്റേയല്ല എന്നാൽ ഹൈവേയ്ക്കു പകരം ഊടുവഴികളിലൂടെ പോകുന്നു അഥവാ ലക്ഷ്യസ്ഥാനത്തിനുമപ്പുറത്തേക്ക് പോകുന്നുവെങ്കിൽ മടങ്ങിവരാൻ പരിശ്രമിക്കേണ്ടി വരും. ബാപ്ദാദ സദാ തന്റെ സ്നേഹത്തിന്റെയും സഹയോഗത്തിന്റെയും മടിയിലിരുത്തി ലക്ഷ്യത്തിലേക്ക് കൂട്ടിക്കൊണ്ട് പോകുകയാണ്. മടിയിലിരുന്ന് ലക്ഷ്യത്തിലെത്തുന്നതിൽ ബുദ്ധിമുട്ട് എന്തുകൊണ്ടാണുണ്ടാകുന്നത്? സ്നേഹസഹയോഗത്തിന്റെ മടിയിൽ നിന്നിറങ്ങി ചിലപ്പോൾ മറ്റാകർഷണങ്ങൾ വലിക്കുമ്പോൾ ചുറ്റാൻ ഇറങ്ങിപ്പോകുന്നു. ക്ഷീണിക്കുകയും ചെയ്യുന്നു പിന്നെ പ്രയത്നവും അനുഭവിക്കുന്നു. അപ്പോൾ ഈ വർഷം എന്തു ചെയ്യും? പ്രയത്നം സമാപ്തം. പ്രേമത്തിൽ, സ്നേഹത്തിൽ അലിഞ്ഞുചേരൂ. ലൗലീനായി ഓരോ കാര്യവും ചെയ്യൂ. ആരാണോ അലിഞ്ഞത് അവർക്ക് മറ്റൊന്നും കാണപ്പെടില്ല, ആകർഷിതമാകില്ല. അപ്പോൾ സ്നേഹത്തിൽ കഴിയുകയാണ്. ഇങ്ങനെ പറയുന്ന ആരെങ്കിലുമുണ്ടാകുമോ എനിക്ക് ബാബയോട് സ്നേഹമില്ല! എല്ലാവർക്കും സ്നേഹമല്ലേ! എന്നാൽ ഇടയ്ക്ക് സ്നേഹത്തിൽ കഴിയുന്നു, ഇടയ്ക്ക് സ്നേഹത്തിൽ മുഴുകി കഴിയുന്നു. ഇല്ലെങ്കിൽ നോക്കൂ മനസ്– ബുദ്ധിയിലൂടെ സ്ഥിതി കൊണ്ട് ബാബയുടെ സർവ സംബന്ധങ്ങളുടെയും കൂട്ടുണ്ട്. കൂട്ടുമുണ്ട് സേവനത്തിൽ ബാബ ഓരോ സമയവും കൂട്ടുകാരനുമാണ്. അപ്പോൾ സ്ഥിതിയിൽ കൂടെയാണ് സേവനത്തിൽ കൂട്ടുകാരനാണ്. എവിടെയാണോ സദാ കൂട്ടുമുള്ളത് കൂട്ടുകാരനുമുള്ളത് അപ്പോൾ ബുദ്ധിമുട്ടുണ്ടാകുക സാധ്യമാണോ? പിന്നെന്തിനാണ് ബുദ്ധിമുട്ടുന്നത്?

സമയപ്രമാണം ബാബ സ്വയം ഓരോ കുട്ടികൾക്കും സർവ സംബന്ധങ്ങളെ ഓഫർ ചെയ്യുന്നു. സമയം പോലെ സംബന്ധം കൊണ്ട് കൂടെ കഴിയൂ അഥവാ സാഥിയാക്കൂ. ചില സമയം സംബന്ധത്താൽ സാഥിയാക്കുന്നു ചില സമയം കൂട്ടുകാരനെ അകറ്റുന്നു. പിന്നെ പറയുന്നു ഒറ്റപ്പെടൽ തോന്നുന്നു. പോകെപ്പോകെ ഒറ്റപ്പെടൽ തോന്നുന്നു. ഒറ്റപ്പെടുന്നതിലൂടെ എന്തു സംഭവിക്കുന്നു? തന്റെ ശ്രേഷ്ഠജീവിതം സാധാരണ ജീവിതമായി അനുഭവമാകുന്നു. പിന്നെ പറയുന്നു ബോറായ ജീവിതമായിരിക്കുന്നു, എന്തെങ്കിലും മാറ്റം വേണം. ഒരു വശത്ത് ബാപ്ദാദയെ സന്തോഷിപ്പിക്കുന്നു ഞാൻ കംബൈൻഡ് ആണ് എന്ന്. കംബൈൻഡ് ഇടയ്ക്ക് ഒറ്റയ്ക്കാകുമോ? വലിയ നല്ല നല്ല കാര്യങ്ങൾ പറയുന്നു– ബാബാ ഞാൻ കംബൈൻഡ് തന്നെയാണ്. പിന്നെ 15 –20 വർഷങ്ങൾ കഴിയുമ്പോൾ പറയുമ്പോൾ പറയുന്നു മാറ്റം വേണം, ഒറ്റയ്ക്കായി. ലോകത്താണെങ്കിൽ നോക്കൂ മാറ്റം വേണമെങ്കിൽ സാഗരത്തിന്റെ തീരത്ത് പോയി ഉറങ്ങുന്നു, ചിലർ ആഹ്ലാദത്തിലാകുന്നു, നൃത്തം ചെയ്യുന്നു, ചിലർ പാട്ടുകളുടെ ആനന്ദരസത്തിൽ ആഘോഷിക്കുന്നു, ചിലർ കൂട്ടുകെട്ടിന്റെ അഥവാ കംപാനിയന്റെ കൂട്ട് തേടുന്നു. ഇതല്ലേ ചെയ്യുന്നത്! കളിക്കുകയല്ലേ! കളികളുടെ ലോകത്ത് പൂന്തോട്ടത്തിൽ പോകുന്നു! ഇവിടെ ജ്ഞാനസാഗരത്തിന്റെ തീരമുണ്ട്, ഇതു മറക്കുന്നു. അഥവാ സാഗരം ഇഷ്ടമാണെങ്കിൽ സാഗരതീരത്തിരിക്കൂ. ബാബ ജ്ഞാനസാഗരമല്ലേ. ബാബ കൂട്ടുകാരനല്ലേ? ബാബയിൽ നിന്ന് ആനന്ദമില്ലേ? അതോ ബിന്ദുവിൽ എന്തു രസം ഉണ്ടാവാൻ എന്നാണോ കരുതുന്നത്! താങ്കളേവരെയും സദാ ആകർഷിക്കുന്നതിനു വേണ്ടിയാണ് ബ്രഹ്മാബാബയും അവ്യക്തമായത്. എന്നാൽ ഇവിടെ സദാ ഉള്ള സാഥി വേണമല്ലോ. എപ്പോഴാണോ സ്വയം ഒറ്റപ്പെടൽ അനുഭവപ്പെടുന്നത് ആ സമയം ബിന്ദു രൂപം ഓർമിക്കരുത്. അതു ബുദ്ധിമുട്ടാകും, അതു ബോറായിത്തീരും. എന്നാൽ സ്വന്തം ബ്രാഹ്മണജീവിതത്തിന്റെ ഭിന്ന ഭിന്ന സമയത്തിന്റെ രമണീക അനുഭവത്തിന്റെ കഥകൾ സ്മൃതിയിൽ കൊണ്ടുവരൂ. അനുഭവത്തിന്റെ കഥകളുടെ പുസ്തകം എല്ലാവരുടെ കയ്യിലുമുണ്ട്. ബോറടിക്കുമ്പോൾ നോവലുകൾ വായിക്കാറില്ലേ! അപ്പോൾ താങ്കൾ സ്വന്തം കഥകളുടെ പുസ്തകം തുറക്കൂ അതു വായിക്കുന്നതിലേർപ്പെടൂ. സ്വന്തം സ്വമാനത്തിന്റെ ലിസ്റ്റിനെ മുന്നിൽ കൊണ്ടുവരൂ, സ്വന്തം പ്രാപ്തികളുടെ ലിസ്റ്റിനെ മുന്നിൽ കൊണ്ടുവരൂ. ബ്രാഹ്മണലോകത്തിന്റെ വിചിത്ര പ്രായോഗിക കഥകളെ സ്മൃതിയിൽ കൊണ്ടുവരൂ. സ്വയം ഒരു മാറ്റത്തിനായി വാർത്താപത്രങ്ങൾ വായിക്കുന്നതിന്റെ ആധാരവുമെടുക്കാറുണ്ട് എങ്കിൽ ബ്രാഹ്മണലോകത്തെ എത്ര അലൗകിക വാർത്തകൾ ഇതു വരെ കണ്ടിരിക്കുന്നു, അഥവാ കേട്ടിരിക്കുന്നു, വാർത്താപത്രവും താങ്കളുടെ അടുക്കലുണ്ട്. പലർക്കും പേപ്പർ വായിക്കാതെ ഒരു സുഖവുമുണ്ടാകില്ല. താങ്കളുടെ കയ്യിൽ പേപ്പറുമുണ്ട്. നൃത്തവും സംഗീതവുമാണെങ്കിൽ അറിയാം. ക്ഷീണമില്ലാതെ നൃത്തം ചെയ്യുന്നു. മൻമനാഭവ ആകുക തന്നെയാണ് ഏറ്റവും വലിയ മനോരസം. എന്തെന്നാൽ സർവ സംബന്ധങ്ങളുടെ രസം അഥവാ അനുഭൂതികൾ ചെയ്യുക തന്നെയാണ് മൻമനാഭവ. വെറും അച്ഛന്റെ രൂപത്തിൽ അഥവാ വിശേഷിച്ച് മൂന്നു രൂപത്തിലുള്ള സംബന്ധത്തിലെ അനുഭവമല്ല എന്നാൽ സർവ സംബന്ധങ്ങളുടെ സ്നേഹത്തിന്റെ അനുഭവം ചെയ്യാനാകും. സംബന്ധങ്ങളിലൂടെ ഓർമിക്കുന്നു എന്നാൽ വ്യത്യാസം എന്താണ്? ഒന്നുണ്ട് ബുദ്ധിയിലൂടെ അറിവിന്റെ ആധാരത്തിൽ സംബന്ധത്തെ ഓർമി

ക്കുക, മറ്റൊന്ന് ഹൃദയം കൊണ്ട് ആ സംബന്ധത്തിന്റെ സ്നേഹത്തിൽ അലിഞ്ഞുചേരുക. പകുതി ചെയ്യുന്നു, ബാക്കി പകുതി ഇരിക്കുന്നു. അതിനാൽ അൽപസമയം ശരിയായിരിക്കുന്നു, അൽപസമയത്തിനു ശേഷം വെറും ബുദ്ധി കൊണ്ട് മാത്രം സംബന്ധം ഓർമിക്കുന്നു എങ്കിൽ ബുദ്ധിയിൽ മറ്റൊരു കാര്യം വരുന്നതിലൂടെ ഹൃദയം മാറുന്നു. പിന്നെ പരിശ്രമം ചെയ്യേണ്ടി വരുന്നു. പിന്നെ എന്തു പറയുന്നു– ഞാൻ ഓർമിച്ചു, ബാബ എന്റെ കംപാനിയൻ ആണ്, എന്നാൽ കംപാനിയൻ ബന്ധം നിറവേറ്റിയില്ലല്ലോ! ഒരനുഭവവും ഉണ്ടായില്ല! ഇത് ബുദ്ധി കൊണ്ടാണ് ഓർമിച്ചത്. ഹൃദയത്തിൽ സ്നേഹത്തെ ഉൾക്കൊണ്ടില്ല. എപ്പോൾ എന്തെങ്കിലും കാര്യം ബുദ്ധിയിൽ വന്നാലും അത് പെട്ടെന്നു തന്നെ പോകുകയും ചെയ്യും, എന്നാൽ ഹൃദയത്തിൽ അടങ്ങുകയാണെങ്കിൽ ലോകം മുഴുവൻ ആഗ്രഹിച്ചാലും ഹൃദയത്തിൽ നിന്നു കളയാനാവില്ല. അപ്പോൾ സർവസംബന്ധങ്ങളെ സമയാനുസരണം ഏതു സമയത്ത് ഏതു സംബന്ധത്തിന്റെ ആവശ്യകതയാണെന്നനുസരിച്ച്, സുഹൃത്തിന്റെ ആവശ്യകതയാണ് എന്നാൽ ഓർമിക്കുന്നത് അച്ഛനായി എങ്കിൽ ആനന്ദം ഉണ്ടാവുകയില്ല. അതിനാൽ ഏതു സമയം ഏതു സംബന്ധത്തിന്റെ അനുഭൂതി വേണമോ ആ സംബന്ധത്തെ സ്നേഹത്തോടെ ഹൃദയത്തോടെ അനുഭവിക്കൂ. പിന്നെ പരിശ്രമവും തോന്നുകയില്ല, ബോറും ഉണ്ടാവുകയില്ല, സദാ മനോരസം. അപ്പോൾ ഈ വർഷം എന്തു ചെയ്യും?
പരിശ്രമത്തിൽ നിന്നു പുറത്തു കടക്കണം. ഓരോ മാസവും ഓ.കെ മാത്രം എഴുതണം, മറ്റൊന്നും എഴുതേണ്ട. ഓകെ യിലൂടെ മനസിലാക്കാനാവും പരിശ്രമത്തിൽ നിന്നു പുറത്തുവന്നു. നീണ്ട നീണ്ട കത്തുകളെഴുതേണ്ട. ഇല്ലെങ്കിൽ പറയും കത്തെഴുതി, മറുപടി ലഭിക്കുന്നില്ല. താങ്കളുടെ കത്ത് എത്തിച്ചേരാഞ്ഞിട്ടല്ല. കത്തെഴുതാൻ ആരംഭിക്കുന്നതും അവിടെ കംപ്യൂട്ടറിൽ ആദ്യം കിട്ടും, പോസ്റ്റ് പിന്നെയാണ് വരിക. അങ്ങനെ ബാബ ഇത്ര നീണ്ട കത്തുകൾക്ക് പതിവായി മുരളിയിൽ എല്ലാവർക്കും മറുപടി നൽകുന്നു. എന്നും കത്തെഴുതുന്നു. ഇത്ര നീണ്ട കത്ത് ആരെങ്കിലും എഴുതുന്നുണ്ടോ! അപ്പോൾ ഇത്രയും സ്വന്തം സ്വമാനത്തെ നോക്കൂ പരമാത്മാവിന് എത്ര സ്നേഹമാണ് താങ്കളെല്ലാവരോടും. പരമാത്മാവിന് സ്നേഹമാണ് അതാണ് കത്തെഴുതുന്നത് അതായത് മുരളിയിൽ ഉത്തരവും നൽകുന്നു സ്നേഹസ്മരണയും നൽകുന്നു. അഥവാ എന്തെങ്കിലും ചോദ്യമുയരുകയാണെങ്കിൽ അല്ലെങ്കിൽ ഏതെങ്കിലും പ്രശ്നം മുന്നിൽ വരികയാണെങ്കിൽ അപ്പോൾ മുരളിയിലൂടെ പ്രതികരണം ലഭിക്കുന്നു. അപ്പോൾ പിന്നെ ഒരിക്കലും പരാതിപ്പെടരുത് ഉത്തരം വന്നില്ലെന്ന്. ബാക്കി നല്ലതാണ് ചെയ്യുന്നത് ഹൃദയത്തിലെ കാര്യം ബാബയുടെ മുന്നിൽ വെക്കുക അതായത് ഹൃദയം തുറന്നുതന്നു. അതു ചെയ്തോളൂ പക്ഷേ ചുരുക്കി എഴുതൂ. കത്തെഴുതുമ്പോൾ ആ സമയം ഹൃദയം ഭാരരഹിതമാകുന്നില്ലേ! എന്തെന്നാൽ നൽകിയല്ലോ. പിന്നെ അടുത്ത ദിവസത്തെ മുരളി ആ വിധിയിലൂടെ നോക്കൂ –ഞാനെഴുതിയ കത്തിന്റെ മറുപടി എന്താണ്? പ്രതികരണം ലഭിക്കുന്നുണ്ടല്ലോ. പരിധിയില്ലാത്ത അച്ഛനാണെങ്കിൽ കത്തും പരിധിയില്ലാത്തത് എഴുതും, ചെറുത് എഴുതുകയില്ല.
ബാപ്ദാദ കണ്ടു നാനാ ഭാഗത്തും ഡബിൾ വിദേശി കുട്ടികൾ സേവനത്തിൽ നല്ല ലഹരിയിൽ മുഴുകുന്നുണ്ട്. ഓരോരുത്തരെയായി നോക്കുമ്പോൾ ഓരോരുത്തരും അടുത്തയാളെക്കാൾ പ്രിയങ്കരമായി തോന്നുന്നുണ്ട്. പേരെടുത്തു പറയുകയാണെങ്കിൽ എത്ര പറയും! അതിനാൽ എല്ലാവരും അവരവരുടെ പേരിൽ വിശേഷ സേവനത്തിന്റെ പകരം ആശംസ സ്വീകരിക്കുക. പേരു പറയാൻ തുടങ്ങുകയാണെങ്കിൽ മാലയുണ്ടാക്കേണ്ടി വരും. എന്നാൽ മാലയുടെ മുത്തുകളെല്ലാം ബാബയുടെ മുന്നിലുണ്ട്. സമയം പ്രതി സമയം സേവനം പരിധിയില്ലാത്തതും സഫലതാസമ്പന്നവുമായിക്കൊണ്ടിരിക്കുകയാണ്. വർത്തമാന സമയം വിശേഷിച്ച് വിദേശത്തിൽ വിശേഷിച്ച് രണ്ടു സേവനങ്ങളുടെ റിസൽറ്റ് നല്ലതായി പ്രത്യക്ഷപ്പെട്ടു. അനേക പ്രകാരത്തിലെ സേവനങ്ങൾ നടന്നുകൊണ്ടു തന്നെയിരിക്കുന്നു എന്നാൽ വിശേഷിച്ച് ഒന്ന് പരിശ്രമിച്ചു തയ്യാറാക്കിയ ഈ ഗ്ലോബൽ ബുക്ക്, അതു നിമിത്തം നാനാഭാഗത്തെ വിശേഷആത്മാക്കൾക്ക് സമ്പർക്കത്തിൽ വരാൻ എളുപ്പമായി. അപ്പോൾ ഏതു കുട്ടികൾ ഹൃദയം അഥവാ ജീവൻ, നിറഞ്ഞ പ്രേമത്തോടെ സമയമേകി, സഹയോഗമേകി, അതിന്റെ പ്രത്യക്ഷഫലമായ സേവനത്തിന്റെ നിമിത്തആത്മാക്കൾക്ക് ബാപ്ദാദ കോടിമടങ്ങ് ആശംസകൾ നല്കുകയാണ്. ഒപ്പമൊപ്പം ഇപ്പോൾ ചെയ്ത റിട്രീറ്റ് അതിന്റെ റിസൽറ്റും ആദ്യത്തെക്കാൾ നല്ലതിലും നന്നായി. എല്ലാ രാജ്യത്തു നിന്നും ഇതിനു സഹയോഗം നൽകിയവർക്ക്, അവരേവർക്കും ആശംസകൾ. ലക്ഷ്യം നന്നായി വെച്ചു. അപ്പോൾ നാനാ ഭാഗത്തും ഈ രണ്ടു തരം സേവനവും നന്നായി ആർഭാടമായി നടക്കുന്നു. മുന്നോട്ടും നടക്കും. ബാപ്ദാദയ്ക്ക് ഓർമയുണ്ട് ആദ്യം വിദേശത്തു നിന്ന് –വിഐപികളെ വിട്ടോളൂ – ഐപികളെ തന്നെ കൊണ്ടു വരാൻ പ്രയാസമായിരുന്നു. ഇപ്പോൾ എളുപ്പമായി തോന്നുന്നില്ലേ! അപ്പോൾ ഇത് സേവനത്തിന്റെ പ്രത്യക്ഷഫലമാണ്. എത്ര പേരുടെ ആശീർവാദം ലഭിച്ചു! ആരുടെ കൈകളിലേക്ക് പുസ്തകങ്ങൾ പോകുന്നു അവരുടെയെല്ലാം ആശീർവാദം ആരുടെ കണക്കിൽ ശേഖരിക്കപ്പെടുന്നു? നിമിത്തമാകുന്നവരുടെ. നൽകുന്നതിന്റെ സേവനമാകട്ടെ, ഉണ്ടാക്കുന്നതിന്റെ സേവനമാകട്ടെ, ആശയങ്ങളിറക്കുന്നതിന്റെ, എഴുതുന്നതിന്റെ – എല്ലാവർക്കും ആശീർവാദം ലഭിക്കുന്നു. അപ്പോൾ എത്ര ആശീർവാദങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു! വളരെ ആശീർവാദങ്ങൾ ലഭിക്കു

ന്നു, താങ്കൾ സ്വീകരിക്കുക മാത്രം ചെയ്യൂ. തന്നിൽ തന്നെ ബിസിയായിരിക്കുന്നുവെങ്കിൽ ആശീർവാദങ്ങൾ സ്വീകരിക്കുന്നില്ല, ഐപികളോ വിഐപികളോ ആര് സമ്പർക്കത്തിൽ വരുന്നുവെങ്കിലും ഒരാൾ എത്ര പേർക്ക് അനുഭവം കേൾപ്പിക്കും അവരെല്ലാവരുടെയും ആശീർവാദങ്ങൾ ബ്രാഹ്മണാത്മാക്കൾക്ക് വളരെ വളരെ പ്രാപ്തമാകുന്നു. ആശീർവാദങ്ങൾ ശേഖരിച്ചാലും മതി സമ്പന്നമായിത്തീരുക തന്നെ ചെയ്യും. നല്ല പുസ്തകവുമിറക്കി, ഈ പരിപാടിയായാലും വളരെ നല്ലതാണ്. ഭാരതവാസികളുടെ വിശേഷസേവനം ഇപ്പോൾ കാർയാത്രയുടേതാണ് നടക്കുന്നത്. (ബിസിനസ് വിങ്ങിന്റെ സഹോദരീസഹോദരന്മാർ 11 കാറുകളുടെ ഒരു റാലി രാജ്കോട്ടിൽ നിന്ന് ബോംബെയിലേക്ക് നടത്തി, അതിൽ അനേക തരം സേവനങ്ങൾ നടക്കുകയാണ്) അതിന്റെയും റിസൽറ്റ് വളരെ നന്നായി പുറത്തുവന്നു, മുന്നോട്ട് ഒരാളെങ്കിലും നിമിത്തമായാൽ അനേകരുടെ ഭാഗ്യമുണർത്തിക്കൊണ്ടിരിക്കാം. അപ്പോൾ ഇതും സേവനത്തിന്റെ നല്ല റിസൽറ്റായി കാണപ്പെടുന്നു, ആരെല്ലാം ഈ സേവനത്തിനു നിമിത്തമാണോ, ഉണർവുത്സാഹത്തോടെ ഉയരുന്നു, അവർക്കെല്ലാവർക്കും നാനാ ഭാഗത്തെ ഭാരതവാസി കുട്ടികൾക്കും, സഹയോഗി കുട്ടികൾക്കും, നിമിത്തകുട്ടികൾക്കും ബാപ്ദാദ ആശംസകളേകുന്നു. പരിശ്രമം പേരിന്, സഫലത കൂടുതൽ, ഇനി ഇങ്ങനെയുള്ള സേവനങ്ങളുടെ പദ്ധതിയുണ്ടാക്കൂ. ഈ സേവനത്തിലും ഇതു കാണപ്പെടുന്നു– പരിശ്രമം കുറവ്, റിസൽറ്റ് കൂടുതൽ. ഇങ്ങനെ തന്നെയാണ് വിദേശത്തെ രണ്ടു പരിപാടികളിലും. ശരി

ദേശ വിദേശത്തെ സർവ സേവനത്തിൽ ഉണർവുത്സാഹത്തോടെ മുന്നേറുന്ന, അക്ഷീണരായി മറ്റുള്ളവർക്ക് ദാന –വരദാനങ്ങൾ നൽകുന്ന ആത്മാക്കൾക്ക്, നാനാ ഭാഗത്തെയും ബാബയുമായി സർവ സംബന്ധങ്ങളുടെയും സ്നേഹത്തിൽ മുഴുകി കഴിയുന്ന ലൗലീനആത്മാക്കൾക്ക്, സദാ സഹജഅനുഭവം ചെയ്യുന്ന, മറ്റുള്ളവർക്കും സഹജഅനുഭവം ചെയ്യിക്കുന്ന സഹജയോഗിആത്മാക്കൾക്ക്, സദാ സ്വയത്തെ സ്വമാനത്തിലൂടെ സഹജമായി ദേഹബോധത്തിൽ നിന്ന് മുക്തമാക്കുന്ന ജീവിതമുക്ത ആത്മാക്കൾക്ക്, സദാ ബാബയെ കൂടെയായി അനുഭവം ചെയ്യുന്ന കൂട്ടുകാരനായി അനുഭവം ചെയ്യുന്ന സമീപ ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണയും നമസ്തേയും.

## വരദാനം: – തന്റെ ആദിയും അന്തിമവും രണ്ടു സ്വരൂപങ്ങളയും മുന്നിൽ വെച്ച് സന്തോഷത്തിന്റെ ലഹരിയിൽ കഴിയുന്ന സ്മൃതിസ്വരൂപരായി ഭവിക്കട്ടെ.

ആദിദേവനായ ബ്രഹ്മാവും ആദി ആത്മാവായ ശ്രീകൃഷ്ണനും രണ്ടിന്റെയും അന്തരം കാണിക്കുന്നതും ഒപ്പമാണ് കാണിക്കുന്നത്. ഇങ്ങനെ താങ്കളെല്ലാവരും തന്റെ ബ്രാഹ്മണസ്വരൂപവും ദേവതാസ്വരൂപവും രണ്ടിനെയും മുന്നിൽ വെച്ച് നോക്കൂ ആദി മുതൽ അന്തിമം വരെ നാം എത്ര ശ്രേഷ്ഠആത്മാക്കളായിരിക്കുന്നു. അര കൽപം രാജ്യഭാഗ്യം പ്രാപ്തമായി, അര കൽപം മാന്യ, പൂജനീയ, ശ്രേഷ്ഠ ആത്മാക്കളായി. അപ്പോൾ ഇതേ ലഹരിയിലും സന്തോഷത്തിലും കഴിയുന്നതിലൂടെ സ്മൃതിസ്വരൂപമായി മാറും.

## സ്ലോഗൻ:– ആരുടെ പക്കൽ ജ്ഞാനത്തിന്റെ അളവറ്റ ധനമുണ്ടോ അവർക്ക് സമ്പന്നതയുടെ അനുഭവമുണ്ടാകുന്നു